Volume 5 Issue 57 Deccember 2025 ₹100
www.bellezamagazine.in

# Belleza

Film, Fashion & Lifestyle Magazine



# Belleza magazine

Fashion, Film & Lifestyle




www.bellezamagazine.in

**DOWNLOAD THE LATEST ISSUE FOR FREE**

Belleza   bellezafflmagazine   www.bellezamagazine.in   Belleza Magazine

# Belleza

Film, Fashion & Lifestyle Magazine

Vol 5 - Issue 57 - December 2025
Page 42 - Price: ₹100

*Managing Editor*
**Rijo K Mani**

*Editor in Charge*
**Siji Rijo**

*Contributing Writer*
**Vishnu**

*Legal Advisor*
**Adv. Jaleeta**

*Design & Layout*
**Creative Pencil**
Thrissur - 05

*Technical Support*
**Prejith N J**
**Nimesh**
**Athul**
**Jishnu**
**Jithul**
**Drishya**

*Administrative Office*
**Creative Pencil,** 4th Floor, Sun Tower
East Fort, Thrissur - 680005

*Printed at*
**Vivid Offset Printers,** Thrissur - 680001

**Belleza Magazine**
4th Floor, Sun Tower, East Fort, Thrissur - 680005
+91 **9995 21 00 21**, +91 **7034 21 00 21**
e-mail: bellezafflm@gmail.com I www.bellezamagazine.in

Printed and Published by Rijo K M, Puthur P O, Thrissur on behalf of Rijo K M and Printed at Vivid Offset Printers, Thrissur-680001, Published at 4th Floor, Sun Tower, East Fort, Thrissur - 05, Editor: Rijo K M



ബെലീസയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേത് മാത്രം. പരസ്യങ്ങളിലെ അവകാശവാദങ്ങൾക്ക് ബെലീസ മാസിക ഉത്തരവാദിയായിരിക്കില്ല.





*Cover:*
**Rini Ann George**

*Design:*
**Creative Pencil**

*Photography*
**Prejith N J**




***മാറ്റത്തിന്റെ തുടക്കം നമ്മിൽ നിന്ന്...***

*സമൂഹം മാറണം എന്ന് നമ്മൾ പലപ്പോഴും ആഗ്രഹിക്കുന്നു. എന്നാൽ, ആ മാറ്റം എവിടെ നിന്നാണ് ആരംഭിക്കേണ്ടത് എന്ന ചോദ്യം പലപ്പോഴും നമുക്ക് മുന്നിൽ ചോദ്യമായി നിൽക്കുന്നു. അതിന്റെ ഉത്തരം വളരെ ലളിതമാണ്  മാറ്റം നമ്മിൽ നിന്നുതന്നെ തുടങ്ങണം.*

*നമ്മുടെ ചിന്തകളും പ്രവൃത്തികളും ചെറുതായാലും അതിന്റെ പ്രതിഫലം വലുതായിരിക്കും. ഒരു നല്ല വാക്ക്, ഒരു നല്ല സഹായഹസ്തം, ഒരു നല്ല ശ്രമം ഇതൊക്കെയാണ് ഒരു നല്ല സമൂഹത്തിന്റെ അടിത്തറ. വിമർശിക്കാൻ എളുപ്പമാണ്, പക്ഷേ ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നത് ധൈര്യമാണ്. സ്വയം മാറ്റത്തിന്റെ ഉദാഹരണമാകുമ്പോൾ, ചെറിയ ചുവടുകൾകൊണ്ട് തന്നെ വലിയൊരു സാമൂഹിക മാറ്റം സാധ്യമാകുമെന്ന് ഈ കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.*

*സാധാരണ മനുഷ്യരുടെ ജീവിതവും പ്രശ്നങ്ങളും സ്വപ്നങ്ങളും സിനിമയാക്കി മാറ്റിയ ശ്രീനിവാസൻ, മലയാള സിനിമയിൽ അപൂർവമായൊരു സാമൂഹിക വായന സമ്മാനിച്ച കലാകാരനായിരുന്നു. പ്രേക്ഷകന്റെ ജീവിതകഥകളായി മാറിയ അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ, കാലം മാറിയാലും സമൂഹത്തിന്റെ മനസ്സ് വായിക്കാൻ അദ്ദേഹത്തിനുണ്ടായിരുന്ന കഴിവിന്റെ സാക്ഷ്യങ്ങളാണ്. ഒരു ജനതയുടെ ചിരികൾക്ക് അർത്ഥവും കരുത്തും പകർന്ന എഴുത്തുകാരനെന്ന നിലയിൽ ശ്രീനിവാസൻ വഹിച്ച പങ്ക് അതുല്യമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കും സൃഷ്ടികൾക്കും മുന്നിൽ ഹൃദയം നിറഞ്ഞ ആദരവോടെ പ്രണാമം അർപ്പിക്കുന്നു.*

*പുതുവത്സരം പുതിയ സ്വപ്നങ്ങളിലേക്കും നല്ല ചിന്തകളിലേക്കും നമ്മെ പ്രേരിപ്പിക്കുന്നു. നല്ല ചിന്തകളും നല്ല പ്രവൃത്തികളും ജീവിതത്തെയും സമൂഹത്തെയും കൂടുതൽ മനോഹരമാക്കുമെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, എല്ലാവർക്കും വരാനിരിക്കുന്ന പുതുവത്സരത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.*

***റിജോ കെ മണി.***
*ചീഫ് എഡിറ്റർ*

Belleza
Film, Fashion & Lifestyle Magazine

# Contents


06
വിമർശനവും പിന്തുണയും
റിനി ആൻ ജോർജ്ജിന്റെ യാത്ര







12
ഡിസംബർ
മധുരമാകുന്ന കഥ

16
നടന വിസ്മയം
മോഹൻലാൽ




26
വാക്കുകളിൽ വിരിയുന്ന
പെൺ ഹൃദയം





34
വീട്ടിൽ വിളയുന്ന സ്വർണം
ജെയിംസ് കാപ്പാനിയുടെ കുങ്കുമ സ്വപ്നം



32 ഫുട്ബോളിന്റെ
സുൽത്താൻ



24
ദളപതി
വിജയ്



22
ഹൃദയത്തിൽ
മായാത്ത ചിരിമുദ്ര
ശ്രീനിവാസൻ



# വിമർശനവും പിന്തുണയും

## റിനി ആൻ ജോർജ്ജിന്റെ യാത്ര

ഫിലിം, ഫാഷൻ, ലൈഫ്സ്റ്റൈൽ ലോകം സാധാരണയായി ഗ്ലാമറിന്റെയും സൗന്ദര്യത്തിന്റെയും കഥകളാണ് പറയാറുള്ളത്. പക്ഷേ ചിലപ്പോൾ അതേ ലോകത്ത് നിന്ന് തന്നെ സമൂഹത്തെ ഉണർത്തുന്ന, ചർച്ചകൾ സൃഷ്ടിക്കുന്ന ശബ്ദങ്ങൾ ഉയരും. നടി റിനി ആൻ ജോർജ്ജ് അത്തരം ഒരു ശബ്ദമാണ്. സാമൂഹിക സമ്മർദ്ദങ്ങളെയും രാഷ്ട്രീയ സ്വാധീനങ്ങളെയും ഭയപ്പെടാതെ ഒരു സ്ത്രീ തുറന്നു സംസാരിക്കുമ്പോൾ, അവൾ നേരിടുന്ന വെല്ലുവിളികളും അതിനൊപ്പം അവൾക്ക് സമൂഹം നൽകുന്ന പ്രാധാന്യവും ഇവയെല്ലാം ചേർന്നതാണ് റിനിയുടെ ജീവിതകഥ.

''ഒരു സ്ത്രീക്ക് ശബ്ദമുണ്ടെന്ന് അവർ അറിയണം. ആരെയും പേടിക്കരുത്.''
ഈ വാക്കുകൾ റിനിയുടെ നിലപാടിനെയും ജീവിതയാത്രയെയും ഒരുമിച്ച് നിർവചിക്കുന്നു.

**ഗ്ലാമറിൽ നിന്ന് ക്യാമറയ്ക്കപ്പുറം വരെ**

അഭിനയം, ആങ്കറിംഗ്, നൃത്തം എന്നീ കലയുടെ പല വഴികളിലൂടെയും സഞ്ചരിച്ചാണ് റിനി ആൻ ജോർജ്ജ് ശ്രദ്ധേയമായത്. സ്റ്റേജ് പെർഫോമൻസുകളും, ഡാൻസ് ഷോകളും, മോഡലിംഗും ചേർന്ന് അവളിലെ കലാകാരിയെ രൂപപ്പെടുത്തിയത് ലൈഫ്സ്റ്റൈൽ ലോകത്തിനകത്തായിരുന്നു. ക്യാമറയുടെ മുന്നിലെ ആത്മവിശ്വാസവും പ്രകടനത്തിലെ ചാരുതയും റിനിയെ വ്യത്യസ്തയാക്കി.





സിനിമയിലേക്കുള്ള അവളുടെ കടന്നുവരവ് സ്വാഭാവികമായിരുന്നു. 2025ൽ പുറത്തിറങ്ങിയ '916 കുഞ്ഞൂട്ടൻ' എന്ന ചിത്രത്തിലൂടെയാണ് റിനി സിനിമാപ്രേക്ഷകർക്ക് കൂടുതൽ പരിചിതയായത്. ഗ്ലാമറും പ്രകടനവും ഒരുപോലെ കൈകാര്യം ചെയ്യുന്ന ഒരു നടിയായി അവൾ തന്റെ ഇടം കണ്ടെത്തി.

**വാർത്തയായത് നിലപാടാണ്**

എന്നാൽ റിനിയെ ഏറ്റവും കൂടുതൽ വാർത്തകളിൽ നിറച്ചത് അവളുടെ സിനിമയോ, ഫാഷൻ സ്റ്റൈലോ ആയിരുന്നില്ല. സാമൂഹിക വിഷയങ്ങളിൽ അവൾ തുറന്നു പറഞ്ഞ ധൈര്യമായ അഭിപ്രായങ്ങളാണ് അവളെ ചചർച്ചകളിലേക്ക് എത്തിച്ചത്.

ഒരു യുവ രാഷ്ട്രീയ നേതാവിൽ നിന്ന് അപമാനകരമായ സന്ദേശങ്ങൾ ലഭിച്ചതായി റിനി തുറന്നു പറഞ്ഞപ്പോൾ, അത് കേരളസമൂഹത്തിൽ വലിയ പ്രതികരണങ്ങൾ സൃഷ്ടിച്ചു. വ്യക്തിപരമായി പേര് വെളിപ്പെടുത്താതെയായിരുന്നു അവളുടെ വെളിപ്പെടുത്തൽ. എന്നിരുന്നാലും, രാഷ്ട്രീയ പാർട്ടിക്കാർ ഈ വിഷയത്തെ ഏറ്റെടുത്തതോടെ ആരോപണങ്ങൾ ഒരു യുവ നേതാവിലേക്ക് തിരിഞ്ഞു. ഇതോടെ സമൂഹത്തിൽ രണ്ട് അഭിപ്രായങ്ങൾ വന്നു.
ഒരു വിഭാഗം റിനിയുടെ ധൈര്യത്തെയും തുറന്നുപറച്ചിലിനെയും അഭിനന്ദിച്ചപ്പോൾ .മറ്റൊരു വിഭാഗം സൈബർ ആക്രമണങ്ങളും ട്രോളുകളും വഴി റിനിയെ അപമാനിച്ചു. സൈബർ ലോകത്തെ ആക്രമണങ്ങളും സ്ത്രീശബ്ദങ്ങളും സോഷ്യൽ മീഡിയയുടെ തിളക്കത്തിനപ്പുറം അതികഠിനമായ മനോവിഷമം റിനി നേരിട്ടു. സൈബർ ആക്രമണങ്ങളും വ്യക്തിപരമായ അധിക്ഷേപങ്ങളും അവളുടെ ദിനചര്യയുടെ ഭാഗമായിത്തീർന്നു.

എഴുത്തുകാരി ഹണി ഭാസ്കരൻ സമാന അനുഭവങ്ങൾ തനിക്കും ഉണ്ടായിട്ടുണ്ടെന്ന് തുറന്നുപറഞ്ഞു. അത് ഈ വിഷയത്തെ വ്യക്തിഗത ആരോപണങ്ങളിൽ നിന്ന് ഒരു സ്ത്രീപക്ഷ സാമൂഹിക ചർച്ചയാക്കി മാറ്റി. കോടതി ഇടപെടലും സത്യത്തിന്റെ വിജയവും കുറച്ച് നാളുകൾക്കുശേഷം കൊച്ചിയിലെ ബലാത്സംഗ ക്കേസുമായി ബന്ധപ്പെട്ട് അതേ യുവ നേതാവിന്റെ മുൻകൂർ ജാമ്യഹർജി കോടതി തള്ളുകയും, അദ്ദേഹത്തെ പാർട്ടിയിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

ഈ സംഭവവികാസങ്ങളെ റിനി വിശേഷിപ്പിച്ചത് 'സ്ത്രീകളുടെ വിജയം' എന്നാണ്. ''എന്റെ തുറന്നുപറച്ചിലിന് പിന്നാലെ ഒരുപാട് സൈബർ ആക്രമണങ്ങൾ നേരിട്ടു. ആദ്യഘട്ടത്തിൽ എന്റെ വാക്കുകൾ വെറും കഥകളാണെന്ന രീതിയിലായിരുന്നു വാർത്തകൾ. എന്നാൽ, ഇന്ന് കോടതി ഇടപെടലിലൂടെ സത്യം പുറത്തുവന്നു. ഇത് സത്യത്തിന്റെ വിജയം. എന്റെ സഹോദരിമാർക്ക് നീതി കിട്ടിയതിൽ സന്തോഷമുണ്ട്.''

**ഒരു നടി, ഒരു ഐക്കൺ**

ഫിലിം, ഫാഷൻ, ലൈഫ്സ്റ്റൈൽ ലോകത്ത് റിനി ആൻ ജോർജ്ജ് ഇന്ന് വെറും ഒരു നടിയല്ല, ക്യാമറയുടെ മുന്നിലെ ഗ്ലാമറിനപ്പുറം, ക്യാമറയ്ക്കു പുറത്തും സ്വന്തം ശബ്ദം ഉയർത്താൻ ഭയപ്പെടാത്ത ഒരു സ്ത്രീയാണ് അവൾ.





ഈ ഫീച്ചർ ഒരു സിനിമാതാരത്തിന്റെ കഥ മാത്രമല്ല. ഉറച്ച നിലപാടും വ്യക്തിഗത അഭിപ്രായവും ഒരുമിച്ച് മുന്നോട്ട് കൊണ്ടു പോകുന്ന ഒരു സ്ത്രീയുടെ കഥയാണ്.
ഗ്ലാമറിനൊപ്പം ധൈര്യവും നിലപാടുമുള്ള സ്ത്രീകൾക്ക് ഇന്നും ഈ സമൂഹത്തിൽ പ്രസക്തിയുണ്ട് എന്ന് കാണിച്ച് തന്ന വ്യക്തിയാണ് റിനി ആൻ ജോർജ്ജ്.

# ഡിസംബർ മധുരമാകുന്ന കഥ



തണുപ്പിന്റെ ഈ നാളുകൾ നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരുമയുടെയും പ്രതീക്ഷയുടെയും പാഠങ്ങളാണ്. ജീവിതതിരക്കുകൾക്ക് ഒരു അവധി നൽകി, നാം എവിടെയെത്തി എന്ന് സ്വയം ചോദിക്കാനുള്ള അവസരമാണിത്. പഴയതാളുകൾ മറിച്ച്, പുതിയ അധ്യായങ്ങൾ കുറിക്കാനുള്ള ഊർജ്ജം ഈ ശൈത്യകാലം നമുക്ക് നൽകട്ടെ.

ക്രിസ്മസ്, ന്യൂഇയർ  ആഘോഷങ്ങൾ ഡിസംബർ മാസത്തെ മോടിപിടിപ്പിക്കുമ്പോൾ ഇന്ത്യയുടെ സൈനിക ചരിത്രത്തെ അനുസ്മരിക്കുകയും രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷ നിലനിർത്തുന്നതിൽ കർഷകരുടെ പങ്കിനെ അംഗീകരിക്കുകയും ചെയ്യുന്ന വിജയ് ദിവസ്, കിസാൻ ദിവസ് എന്നീ ദേശീയ ആചരണങ്ങളും ഈ മാസത്തിലാണ്.

ഡിസംബറിൽ വീടുകളിൽ നിറയുന്ന പ്ലം കേക്കിന്റെ മധുരമുള്ള വാസന, ഡ്രൈ ഫ്രൂട്ട്സിന്റെ രുചി വീട്ടിലെ ചിരിയുമായി ചേരുമ്പോൾ മാത്രമേ ഒരു 'ക്രിസ്തുമസ് കാലം' പൂർണ്ണമാകൂ. പ്ലം കേക്ക് മധുരം മാത്രമല്ല,  അത് ഓരോ കുടുംബത്തിന്റെ ഓർമ്മയും കഥയുമാണ്.

പണ്ട്  ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ വ്യാപനത്തോടെ യൂറോപ്യൻ രാജ്യങ്ങളിലെ കുടിയേറ്റത്തോടെയും ഈ കേക്ക് ലോകമെമ്പാടും പ്രചാരം നേടി, ഓരോ രാജ്യവും അവരുടേതായ രീതിയിൽ കേക്കിന് മാറ്റങ്ങൾ വരുത്തി. പിന്നീട് കേരളീയ സ്പർശം കിട്ടിയപ്പോൾ ഈ കേക്ക് ഒരു മധുര പലഹാരത്തിൽ നിന്ന് കുടുംബങ്ങളെ ഒന്നിപ്പിക്കുന്ന മധുരമായി മാറി. ഇന്ന് കേരളത്തിലെ ഓരോ ബേക്കറികളിലും കേക്ക് സുലഭമാണ്. പക്ഷേ, ഓരോ വീട്ടിലും ഈ കേക്കിന് പ്രത്യേകമായ ഒരു രഹസ്യ രുചിയുണ്ട്.

പ്ലം കേക്കിന്റെ രുചി അത് ഉണ്ടാക്കുന്ന സമയത്തിലുള്ള  ക്ഷമയിലാണ്.
മുന്തിരി, ഓറഞ്ച്,  ഈന്തപ്പഴം, കശുവണ്ടി, ചെറി തുടങ്ങി നിരവധി പഴങ്ങൾ ഇതിൽ ചേർക്കുകയും കറുവപ്പട്ട, ഗ്രാമ്പൂ, ജാതിക്ക എന്നിവയുടെ മണം ഇതിൽ കൂടുതൽ ആകർഷപ്പിക്കുകയും ചെയ്യുന്നു.

ഇന്നത്തെ ആധുനിക ബേക്കറികൾ പല തരം പ്ലം കേക്കുകൾ അവതരിപ്പിക്കുന്നു.
Rum-less fruit cake, chocolate plum cake, dry plum cake, premium plum cake.
പക്ഷേ, കുറച്ചു വർഷങ്ങൾക്കു മുൻപ് വീട്ടിൽ ചോറ്റുപാത്രത്തിൽ സൂക്ഷിച്ചു വെച്ച കേക്ക് ഓരോ ദിവസവും അല്പം അല്പമായിട്ട് കഴിക്കുന്ന  രുചി ഇന്നത്തെ കേക്കിന് പകരമാവില്ല. അത് ഒരു കാലഘട്ടത്തിന്റെ സ്നേഹവും, വീട്ടിലെ കൂട്ടായ്മയും, മനസിൽ നീളുന്ന ഒരു ഓർമയുമാണ്.  വീട്ടിൽ  ക്രിസ്മസ് ആഘോഷിക്കുമ്പോൾ എല്ലാവരും ഒത്തുകൂടി ഒരു കഷ്ണം കേക്ക് കഴിക്കുമ്പോൾ തന്നെയാണ് ഒരു ഡിസംബർ മാസം പൂർണ്ണമാകുന്നത്.

''മനസ്സിൽ മായാതെ ഓർമ്മകൾ മധുരമേകാൻ എന്നും ഒരു പ്ലം കേക്ക് മതി.''

അഭിനയിക്കാൻ ഇത്ര എളുപ്പം ആണ് എന്ന് തോന്നുന്നത് മോഹൻലാൽ അഭിനയിക്കുമ്പോഴാണ്. ഇന്ത്യൻ ചലച്ചിത്ര ലോകത്തിന്റെ പടവുകളിൽ കാലടികൾ പതിപ്പിച്ച മഹത്തായ കലാകാരനാണ് മോഹൻലാൽ. അഭിനയത്തെ ഒരു ഭാഷയാക്കി, വികാരങ്ങളെ ഒരു കണ്ണാടിയായി, ഓരോ കഥാപാത്രത്തെയും ജീവിച്ചെടുത്ത അദ്ദേഹം ഇന്ത്യൻ സിനിമയുടെ പരമോന്നത ബഹുമതിയായ ദാദാസാഹേബ് ഫാൽക്കെ അവാർഡ് ഏറ്റുവാങ്ങിയപ്പോൾ, ഓരോ ജനഹൃദയങ്ങളിലും അഭിമാനം കവിഞ്ഞൊഴുകി. 2025 ലെ അവാർഡ് പ്രഖ്യാപനത്തോടെ, 65-ാം വയസ്സിൽ രാജ്യത്ത് ഈ ബഹുമതി ഏറ്റുവാങ്ങുന്ന ഏറ്റവും പ്രായംകുറഞ്ഞ നടനായി മോഹൻലാൽ മാറി. അതൊരു വ്യക്തിഗത നേട്ടമല്ല നാല്പതിലധികം വർഷങ്ങളുടെ അഭിനയ യാത്രയ്ക്കുള്ള ആദരവാണ്. 1980-ൽ മഞ്ഞിൽ വിരിഞ്ഞ പൂക്കൾ എന്ന ചിത്രത്തിലൂടെ മലയാള സിനിമയിൽ കടന്നുവന്ന യുവാവ് ഇന്ന് ലോകമെമ്പാടുമുള്ള ആളുകൾ ആരാധിക്കുന്ന ലാലേട്ടനായി മാറി.

# നടന വിസ്മയം മോഹൻലാൽ






71
2023
DADASAHEB PHALKE AWARD
Smt. Droupadi Murmu
Mohanlal
anjay Jaju

മോഹൻലാൽ അഭിനയിച്ച കഥാപാത്രങ്ങൾ ഒരു കഥാപാത്രത്തിൽ മാത്രം ഒതുങ്ങുന്നതല്ല. മറിച്ച്, അത് നമ്മളുടേതായ ഓർമ്മകൾ, വികാരങ്ങൾ, കണ്ണീർ, ചിരി എല്ലാം ചേർന്ന ജീവിതമായിത്തീരുന്നു.

ഇന്ത്യയുടെ രാഷ്ട്രപതി ബഹു. ദ്രൗപദി മുർമു അവാർഡ് സമ്മാനിച്ചപ്പോൾ കണ്ണുകളിൽ നിറഞ്ഞ വിനയവും നന്ദിയും ചേർത്തുകൊണ്ട് മോഹൻലാൽ പറഞ്ഞത് "സിനിമ എന്റെ ആത്മാവിന്റെ സ്പന്ദനമാണ്. ഇത് എന്റെ മാത്രം അവാർഡ് അല്ല; മലയാള സിനിമയുടെ മഹത്വത്തിനുള്ള അംഗീകാരമാണ്."
2025-ലെ ദാദാസാഹിബ് ഫാൽക്കെ അവാർഡ് പ്രഖ്യാപനം മോഹൻലാൽ എന്ന നടന വിസ്മയത്തിന്റെ ജീവിതത്തിലെ ഒരു സുവർണ്ണ കവിത പോലെയായിരുന്നു. സോഷ്യൽ മീഡിയയിൽ ലോകമെമ്പാടുമുള്ള മലയാളി സമൂഹം ഒരൊറ്റ മനസ്സോടെ ആ നിമിഷം ആഘോഷിച്ചു. മമ്മൂട്ടി മുതൽ പുതുതലമുറയിലെ താരങ്ങൾ വരെ തങ്ങളുടെ കുടുംബാംഗത്തിന്റെ നേട്ടമെന്ന പോലെയാണ് ലാലേട്ടനെ അഭിനന്ദനങ്ങളാൽ മൂടിയത്. എന്നാൽ, ഈ ബഹുമതി അദ്ദേഹത്തിന്റെ കലാജീവിതത്തിലെ അവസാന അധ്യായമല്ല. ഓരോ പുതിയ കഥാപാത്രത്തിലൂടെയും ഈ കലാകാരൻ വീണ്ടും ജനിക്കുന്നു എന്ന് ലാലേട്ടൻ നമുക്ക് കാട്ടിത്തരുന്നു. വരാനിരിക്കുന്ന അദ്ദേഹത്തിന്റെ പകർന്നാട്ടങ്ങൾക്കായി സിനിമാലോകം ആവേശത്തോടെ കാത്തിരിക്കുന്നു.



# ഹൃദയത്തിൽ മായാത്ത ചിരിമുദ്ര ശ്രീനിവാസൻ



നാലുപതിറ്റാണ്ടുകാലം ജനങ്ങളുടെ ജീവിതത്തിന്റെ സകലമേഖലകളിലും ഇടപ്പെട്ട് ഓരോ മലയാളിയെയും നവീകരിക്കുകയും ചിന്തിപ്പിക്കുകയും ചിരിപ്പിക്കുകയും തിരുത്തുകയും ചെയ്ത ഒരു കലാകാരൻ. സിനിമയുടെ ചരിത്രത്തിൽ ചില പേരുകൾ കാലത്തേക്കാൾ വലുതാണ്, അവരിൽ ഒരാളാണ് ശ്രീനിവാസൻ.
നടൻ, തിരക്കഥാകൃത്ത്, സംവിധായകൻ, ഡബ്ബിംഗ് ആർട്ടിസ്റ്റ്, നിർമ്മാതാവ്, ഒരു സാമൂഹ്യ നിരീക്ഷകൻ. ഒരുപക്ഷേ ഇതെല്ലാം ഒരുമിച്ച് ചേരുന്ന അപൂർവ വ്യക്തിത്വം. ചിരിപ്പിക്കുന്ന കഥാപാത്രങ്ങൾക്കപ്പുറം, സമൂഹത്തിന്റെ നിഗൂഢമായ വേദനകളും വൈരുദ്ധ്യങ്ങളും കൃത്യമായി സിനിമയിലൂടെ പറഞ്ഞ കലാകാരൻ എന്ന നിലയിലാണ് ശ്രീനിവാസൻ മലയാളികളുടെ മനസ്സിൽ ഉറച്ചുനിൽക്കുന്നത്.

കണ്ണൂർ ജില്ലയിലെ പാട്യം സ്വാദേശിയായ അധ്യാപകൻ ഉണ്ണിയുടെയും ലക്ഷ്മിയുടെയും മകനായി 1956 ഏപ്രിൽ 6-നു ശ്രീനിവാസൻ ജനിച്ചു.
നാടകങ്ങളിലൂടെയാണ് അഭിനയരംഗത്തേക്ക് വന്നത്. പിന്നീട് മദ്രാസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും അഭിനയം പഠിച്ചു. കൂടെ സഹപാഠികളായി പഠിച്ചത് രജനികാന്ത്, ചിരഞ്ജീവി തുടങ്ങിയ താരങ്ങളായിരുന്നു.
പി.എ. ബക്കറിന്റെ മണിമുഴക്കം എന്ന ചിത്രത്തിൽ അഭിനയിച്ചാണ് മലയാള സിനിമയിലേക്ക് അരങ്ങേറുന്നത്.
1984 ൽ പ്രിയദർശന്റെ 'ഓടരുതമ്മാവാ ആളറിയാം' എന്ന ചിത്രത്തിലൂടെയായിരുന്നു തിരക്കഥ എഴുത്തിന്റെ തുടക്കം.
48 വർഷം നീണ്ട സിനിമാജീവിതത്തിൽ 54 സിനിമകൾക്ക് തിരക്കഥയെഴുതിയ ശ്രീനിവാസൻ 2 ചിത്രങ്ങൾ ആണ് സംവിധാനം ചെയ്തത്.
വടക്കുനോക്കിയന്ത്രം (1989) തളത്തിൽ ദിനേശൻ എന്ന കഥാപാത്രത്തിന്റെ അപകർഷതാബോധവും സംശയരോഗവും പ്രമേയമായ ഈ ചിത്ര ത്തിന് മികച്ച ചിത്രത്തിനുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചു.
ചിന്താവിഷ്ടയായ ശ്യാമള (1998) ഉത്തരവാദിത്തമില്ലാത്ത ഭർത്താവിനെ




Professional
PHOTOG
RAPHY
Magic Light
PHOTOMAKERS
Wedding | Function | Fashion | Food
Kids | Baby shoot
BOOK YOUR DATE : 999 571 53 45, 9946 42 50 90
stanlyaj@gmail.com



നേർവഴിക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന ഒരു വീട്ടമ്മയുടെ കഥ പറയുന്ന ചിത്രം വലിയ ജനപ്രീതി നേടി. ഈ ചിത്രത്തിന് മികച്ച സാമൂഹിക പ്രസക്തിയുള്ള ചിത്രത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ചു.
ശ്രീനിവാസൻ നമ്മെ പഠിപ്പിച്ചത് അദ്ദേഹത്തിന്റെ സിനിമകൾ നമ്മളോട് ചോദിക്കുന്നു.
നമ്മൾ എത്രമാത്രം സത്യസന്ധരാണ്?
നമ്മൾ ചിരിക്കുന്നതിൽ എത്ര കാപട്യമുണ്ട്?
നമ്മുടെ മൂല്യങ്ങൾ എവിടെയാണ്?
മുഖ സൗന്ദര്യത്തിന് അധികം പ്രാധാന്യം കൊടുക്കാതെ കഥാപാത്രത്തിന് യോജിച്ച ഭാഷ ജീവിതത്തിൽ നിന്നെടുത്ത സംഭാഷണങ്ങൾ  ഇതൊക്കെയാണ് ശ്രീനിവാസനെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കുന്നത്.
''ഹീറോ'' എന്ന പരമ്പരാഗത സങ്കൽപ്പങ്ങളെ പൊളിച്ചെറിഞ്ഞ്, സാധാരണ മനുഷ്യന്റെ കഥകൾ പറഞ്ഞാണ് അദ്ദേഹം സിനിമയിൽ തന്റെ ഇടം ഉറപ്പിച്ചത്.
അദ്ദേഹത്തിന്റെ ഓരോ കഥാപാത്രമങ്ങളും നമ്മളെപ്പോലെ തന്നെയാണ്. വീട്ടുകാര്യങ്ങളിൽ കുടുങ്ങുന്ന അച്ഛനും, വലിയ സ്വപ്നങ്ങൾ കണ്ടു വഴി മുട്ടുന്ന യുവാക്കളും, ഒപ്പം നമ്മൾ ഓരോരുത്തരും. ശ്രീനിവാസൻ എഴുതിയ തിരക്കഥകൾ മലയാള സിനിമയ്ക്ക് ഒരു പുതിയ ദിശ നൽകുകയും ചെയ്തു.
കുടുംബബന്ധങ്ങളിലെ കള്ളത്തരങ്ങൾ,
പുരുഷാധിപത്യ ചിന്തകൾ,
മത-രാഷ്ട്രീയ മുഖംമൂടികൾ,




www.creativepencil.in
creativepencil
നാളികേരത്തിന്റെ
നാട്ടിൽ നാലാളറിയുന്ന
നിലയിൽ
ബിസിനസ്സ് ചെറുതാണെങ്കിലും
Digital marketing ലൂടെ
ഇനി എല്ലാവരും അറിയും.
CREATIVE Pencil
TO MAKE YOUR BRAND FLY HIGH
4th Floor, Sun Tower, East Fort, Thrissur, Pin : 680 005
Mob: 9995 21 00 21, Off. No: 7034 21 00 21, e-mail: pencil.thrissur@gmail.com
Advertising / Creative Design / Video Production / Package Design
Web Design / Branding / Digital Marketing / Commercial Ad / Logo Design



ഇവയെല്ലാം നർമ്മത്തിൽ പൊതിഞ്ഞ് അദ്ദേഹം പ്രേക്ഷകന്റെ മുന്നിലെത്തിച്ചു. അദ്ദേഹം നമ്മെ ചിരിപ്പിച്ചുകൊണ്ട് ചിന്തിപ്പിച്ചു. കാലം മാറുമ്പോൾ സിനിമയും മാറി. പുതിയ തലമുറ, പുതിയ ശൈലി, പുതിയ മാധ്യമങ്ങൾ എല്ലാം സ്വീകരിച്ചുകൊണ്ട്, തന്റെ നിലപാടുകൾ തുറന്നു പറഞ്ഞ കലാകാരനാണ് ശ്രീനിവാസൻ. ചിലപ്പോൾ വിമർശനങ്ങൾ ഉയർന്നു; ചിലപ്പോൾ വിവാദങ്ങൾ ഉണ്ടായി. പക്ഷേ,  തന്റെ അഭിപ്രായ സ്വാതന്ത്ര്യത്തിൽ നിന്ന് ഒരിക്കലും പിൻമാറിയില്ല.

സത്യൻ അന്തിക്കാട്, പ്രിയദർശൻ, കമൽ, ലാൽ എന്നീ സംവിധായകരുമായി ചേര്ന്ന് സാമൂഹ്യ പ്രശ്നങ്ങളും നിരീക്ഷണങ്ങളും നർമ്മത്തിൽ പൊതിഞ്ഞ മനുഷ്യ ബന്ധങ്ങൾക്കിടയിലെ ഇഷ്ടാനിഷ്ടങ്ങളും വൈവിധ്യങ്ങളും കാപട്യങ്ങളും ആകാംക്ഷയും ആഗ്രഹങ്ങളും കാഴ്ചകളും കഥകളായിട്ടാണ് സിനിമയിൽ അവതരിപ്പിച്ചത്. 2018 ൽ സത്യൻ അന്തിക്കാട് സംവിധാനം ചെയ്ത ഞാൻ പ്രകാശനിലാണ് ശ്രീനിവാസൻ അവസാനമായി തിരക്കഥ രചിച്ചത്. പ്രത്യാശയുടെ നാളെ നമുക്കുണ്ടെന്ന് സിനിമയ്ക്ക് അകത്തും പുറത്തും നിന്ന് കഥകളിലൂടെ പറഞ്ഞുതന്ന നമ്മുടെ അതുല്യ കലാകാരനായ പ്രിയപ്പെട്ട ശ്രീനിവാസന് നന്ദി അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ വേദനയോടെ പ്രണാമം അർപ്പിക്കുന്നു.

## “എൻ നെഞ്ചിൽ കുടിയിരിക്കും” എന്ന് പറഞ്ഞ് ജനങ്ങളെ നെഞ്ചിൽ ഏറ്റിയ നായകൻ

## ദക്ഷിണേന്ത്യൻ സിനിമയിലെ ഏറ്റവും വലിയ സ്റ്റാർഡം

# ദളപതി വിജയ്

ദളപതി വിജയ് എന്ന് വിളിച്ചിരുന്ന ജനങ്ങൾ തന്നെ ആ പേരിന് ഒരു പുതിയ അർത്ഥം നൽകി. വെള്ളിത്തിരയിൽ നായകനായിരുന്ന വിജയ്, ഇന്ന് ജനങ്ങളുടെ ജീവിതത്തിലെ നായകനാകാൻ മുന്നോട്ട് വന്നിരിക്കുകയാണ്.

കഴിഞ്ഞ ഇരുപത് വർഷങ്ങളിൽ വിജയ് കേരളത്തിലും തമിഴ്നാട്ടിലും ഒരുപോലെ വലിയ ആരാധക വൃന്ദം നേടിയ നായകനാണ്. അദ്ദേഹത്തിന്റെ ഓരോ സിനിമയും വലിയ ആഘോഷമായി മാറിയിരുന്നു. പക്ഷേ, വിജയിന്റെ കണ്ണുകളിൽ എല്ലായ്പ്പോഴും ഒളിച്ചിരുന്നത് മറ്റൊരു സ്വപ്നമായിരുന്നു. കലാകാരൻ എന്ന ഒറ്റപ്പേരിനപ്പുറം ഒരു സമൂഹ നേതാവ്, ഒരു ജനപ്രസ്ഥാനത്തിന്റെ പ്രതീക്ഷ, ഒരു യാഥാർത്ഥ്യ സംവാദത്തിന്റെ മുഖം.





അദ്ദേഹം തിരഞ്ഞെടുത്ത വഴിയും അതിന് പിന്നിലെ കാരണങ്ങളും അതിശയപ്പെടുത്തുന്നവയായിരുന്നു. സിനിമയിലൂടെ യുവാക്കളുടെ പ്രശ്നങ്ങൾ, വിദ്യാഭ്യാസത്തിലെ അസമത്വം, സമൂഹത്തെ ബാധിക്കുന്ന അനീതികൾ എന്നിവയെക്കുറിച്ച് വിജയ് പലപ്പോഴും പരസ്യമായി അഭിപ്രായപ്പെട്ടു.

ആരാധകർക്ക് മുമ്പിൽ, സമൂഹത്തിന് മുമ്പിൽ, എല്ലായിടത്തും ''മാറ്റം വരണം'' എന്ന്  അദ്ദേഹം ആവർത്തിച്ചു.

വിജയ് ഫാൻസ് അസോസിയേഷൻ നടത്തുന്ന സേവനപ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ കൂടുതൽ പ്രകാശിപ്പിച്ചു. 'സിനിമ എന്തായാലും ഒരു വിനോദമത്രെ... പക്ഷേ സമൂഹം നമുക്ക് നൽകിയ സ്നേഹത്തിന് നമ്മൾ തിരിച്ച് നൽകേണ്ടത് എന്താണ്?' എന്ന അന്വേഷണമാണ് വിജയിനെ രാഷ്ട്രീയത്തിന്റെ വാതിൽക്കൽ കൊണ്ടു ചെന്ന് എത്തിച്ചത്.

ഉറച്ച തീരുമാനത്തോടെ വിജയ് തന്റെ



പുതിയ പാർട്ടിയുമായി പൊതുജനത്തിന്റെ മുന്നിലേക്ക് എത്തിയപ്പോൾ രാഷ്ട്രീയ രംഗം തന്നെ ഉണർന്നു. 'ശുദ്ധ രാഷ്ട്രീയം', 'യുവാക്കളുടെ പങ്കാളിത്തം', 'വിദ്യാഭ്യാസത്തിലെ സമത്വം', 'അഴിമതിയ്ക്കെതിരായ നിലപാട്' എന്നിവയാണ് വിജയിന്റെ പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. മറ്റു രാഷ്ട്രീയ നേതാക്കളിൽ നിന്ന് വിജയിനെ വേറിട്ടുനിർത്തുന്നതെന്താണെന്ന് ചോദിക്കുമ്പോൾ, ജനങ്ങൾ പറയുന്നത് സുനിശ്ചിതമാണ് ''അദ്ദേഹത്തിന്റെ മനസ്സിന്റെ സത്യസന്ധത''. സിനിമയിലെ ഹീറോ ഇമേജല്ല, സാധാരണക്കാരുടെ വെല്ലുവിളികളോട് സഹതാപം കാണിക്കുന്ന മനസാണ് അദ്ദേഹത്തെ രാഷ്ട്രീയത്തിൽ കൂടുതൽ ശക്തമാക്കിയിരിക്കുന്നത്.

വിജയ് ഓരോ വേദിയിലും പറയുന്ന ഒരു വാചകമുണ്ട്, ''സിനിമയിൽ ഞാൻ പറയുന്ന ഡയലോഗ് ഒരു മിനിറ്റിനുള്ളിൽ മറന്നേക്കാം... പക്ഷേ ഒരു നേതാവായി പറയുന്ന വാക്ക്, ജനങ്ങളുടെ ജീവിതം മാറ്റണം.''അതിലെ ഉത്തരവാദിത്ത്വം മനസ്സിലാക്കി തന്നെയാണ് വിജയ് രാഷ്ട്രീയത്തിലേക്ക് ചുവടുവച്ചത്. യുവാക്കളുടെ തൊഴിലവസരങ്ങൾ, ആരോഗ്യ മേഖലയിൽ പരിഷ്കരണങ്ങൾ, പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറ പുതുക്കൽ, ഇവയെല്ലാമാണ് വിജയുടെ രാഷ്ട്രീയം. പൊതുജീവിതം ഗുണകരമാക്കാൻ അദ്ദേഹം അഭിനയം വരെ നിർത്തി.



# വാക്കുകളിൽ വിരിയുന്ന പെൺ ഹൃദയം

സുഗതകുമാരിയുടെ കവിത മൂളാത്തവരായി ആരും തന്നെ ഉണ്ടാവില്ല... അവരുടെ ഓരോ കവിതയും ജീവനുള്ളവയാണ്. ‘‘ഒരാൾ മരിച്ചാൽ റീത്തുകളും പുഷ്പചക്രങ്ങളുമായി പതിനായിരക്കണക്കിനു രൂപയുടെ പൂക്കളാണ് മൃതദേഹത്തിൽ മൂടുന്നത്. ശവപുഷ്പങ്ങൾ, എനിക്കവ വേണ്ട. മരിച്ചവർക്ക് പൂക്കൾ വേണ്ട. ജീവിച്ചിരിക്കുമ്പോൾ ഇത്തിരി സ്നേഹം തരിക. അതുമാത്രം മതി. ഞാൻ മരിക്കുന്നത് ആശുപത്രിയിൽ ആണെങ്കിൽ എത്രയും വേഗം അവിടെ നിന്ന് വീട്ടിൽ കൊണ്ടു വരണം. തൈക്കാട്ടെ ശ്മശാനമായ ശാന്തികവാടത്തിൽ ആദ്യം കിട്ടുന്ന സമയത്ത് ദഹിപ്പിക്കണം. പോലീസുകാർ ചുറ്റിലും നിന്ന് ആചാരവെടി മുഴക്കരുത്. ശാന്തികവാടത്തിൽ നിന്ന് കിട്ടുന്ന ഭസ്മം ശംഖുംമുഖത്ത് കടലിലൊഴുക്കണം. സഞ്ചയനവും വേണ്ട. പതിനാറും വേണ്ട. സദ്യയും കാപ്പിയും ഒന്നും വേണ്ട. കുറച്ചു പാവപ്പെട്ടവർക്ക് ആഹാരം കൊടുക്കാൻ ഞാൻ ഏർപ്പാട് ചെയ്തിട്ടുണ്ട് അതുമതി. അനുശോചനയോഗമോ സ്മാരക പ്രഭാഷണങ്ങളോ ഒന്നും വേണ്ട....’ സുഗതകുമാരി ടീച്ചറുടെ വാക്കുകളാണിവ.

2020 ഡിസംബർ 23 ന് കോവിഡ് മഹാമാരി ബാധിച്ച് മലയാളത്തിന്റെ പ്രിയ ടീച്ചർ സുഗതകുമാരി മരിച്ചു. മരണമടഞ്ഞ ടീച്ചറിനെ പ്ലാസ്റ്റിക് ബാഗുകളിൽ പൊതിഞ്ഞ് ഔദ്യോഗിക ബഹുമതികളുടെ ഭാഗമായി പിപിഇ കിറ്റ് ധരിച്ച പൊലീസുകാർ ആചാരവെടികൾ മുഴക്കിയാണ് മൃതദേഹം ശാന്തികവാടത്തിലേക്ക് എടുത്തത്.

സംസ്കാരച്ചടങ്ങുകൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചായിരുന്നതിനാൽ ടീച്ചറുടെ മൃതദേഹം വീട്ടിലെത്തിക്കാനും കഴിഞ്ഞില്ല. ഉറ്റവർ ഒഴികെയുള്ള ബന്ധുക്കൾക്കും കവിയത്രിയെ നെഞ്ചേറ്റിയ പ്രിയപ്പെട്ടവർക്കും അവസാനമായി ഒരു നോക്ക് കാണാനാകാതെയായിരുന്നു അന്ത്യയാത്ര.



കേരള നവോത്ഥാനപ്രവർത്തനങ്ങളുടെ അമരക്കാരനും കവിയും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന ശ്രീ. ബോധേശ്വരന്റെയും പ്രശസ്ത സംസ്കൃത പണ്ഡിതയായ വി. കെ കാർത്ത്യായനി ടീച്ചറുടെയും മകളായി 1934 ജനുവരി 22 ന് തിരുവനന്തപുരത്ത് സുഗതകുമാരി ടീച്ചർ ജനിച്ചു. വിദ്യാഭ്യാസ ചിന്തകനും, എഴുത്തുകാരനും നിരൂപകനുമായിരുന്ന പരേതനായ ഡോ. കെ വേലായുധൻ നായരായിരുന്നു ടീച്ചറുടെ ഭർത്താവ്. ഏക മകൾ ലക്ഷ്മി. സഹോദരിമാരായ ഡോ. ഹൃദയകുമാരി, ഡോ. സുജാതാദേവി എന്നിവർ സാഹിത്യ-സാംസ്കാരിക, വിദ്യാഭ്യാസ മേഖലയിൽ കവിയത്രിയ്ക്കൊപ്പം വളർന്നുവന്നവരായിരുന്നു. ഇരുവരുടെയും മരണം സുഗതകുമാരിയെ അഗാധമായ ദു:ഖത്തിലാഴ്ത്തിയിരുന്നു.

മണ്ണിനും പ്രകൃതിയ്ക്കും വേണ്ടി അക്ഷരങ്ങൾ അർച്ചന ചെയ്ത മലയാളത്തിന്റെ പ്രിയപ്പെട്ട കവിയത്രി സുഗതകുമാരി ടീച്ചർ മണ്ണിൽ പതിപ്പിച്ച കാൽപ്പാടുകൾ ഇപ്പോഴും മായാതെ കിടക്കുന്നു. ടീച്ചർ കവിതയെഴുതിയത് ആത്യന്തികമായി സമൂഹത്തിനു വേണ്ടിയായിരുന്നു. അവരുടെ കവിതയിൽ പ്രതിഷേധം മാത്രമല്ല ഉള്ളത്. പ്രണയവും ഭക്തിയും കാല്പനികതയും ഉണ്ടായിരുന്നു. അവരുടെ പ്രശസ്തമായ കൃഷ്ണ കവിതയിൽ നിറയുന്നത് പ്രണയവും സങ്കടവുമൊക്കെയാണെങ്കിലും അതിലും ഒളിച്ചുവെക്കാത്ത സാമൂഹ്യ ബോധവും രാഷ്ട്രീയവുമുണ്ട്. സദാ സമര സന്നദ്ധ പോരാളിയായ അവർ അനീതിക്കും അക്രമത്തിനും ദുരാചാരങ്ങൾക്കും എതിരെ ശക്തമായി പ്രതികരിച്ചിരുന്നു.

1960-ൽ മാതൃഭൂമി പ്രസിദ്ധീകരിച്ച 'മുത്തുച്ചിപ്പി' എന്ന കവിതാസമാഹാരമാണ് സുഗതകുമാരി ടീച്ചറുടെ ആദ്യ പുസ്തകം. തുടർന്ന് പാതിരാപ്പൂക്കൾ, പാവം പാവം





മാനവഹൃദയം, പ്രണാമം, ഇരുൾച്ചിറകുകൾ, രാത്രിമഴ, അമ്പലമണി, കുറിഞ്ഞിപ്പൂക്കൾ, തുലാവർഷപ്പച്ച, രാധയെവിടെ, ദേവദാസി, മണലെഴുത്ത്, അഭിസാരിക, സുഗതകുമാരിയുടെ കവിതകൾ, മേഘം വന്നുതോറ്റപ്പോൾ, പൂവഴി മറുവഴി, കാടിന്കാവൽ തുടങ്ങി ധാരാളം കൃതികൾ മലയാള സാഹിത്യത്തിന് ആ തൂലികയിൽ നിന്നും ലഭിച്ചു.
കേരളത്തിൽ പ്രകൃതി സംരക്ഷണസമിതി രൂപീകരിച്ചപ്പോൾ സ്ഥാപക സെക്രട്ടറിയായി പ്രവർത്തിച്ചു. ഉറ്റവരാൽ ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'അഭയ' എന്ന സ്ഥാപനം ആരംഭിച്ചു. സംസ്ഥാനവനിതാകമ്മീഷന്റെ ആദ്യത്തെ ചെയർപേഴ്സൺ, സൈലന്റ് വാലി സംരക്ഷണ പ്രക്ഷോഭത്തിന്റെ നേതൃത്വം ഏറ്റെടുത്ത് പ്രവർത്തിച്ചിരുന്നു.



കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, പദ്മശ്രീ, എഴുത്തച്ഛൻ പുരസ്കാരം, സരസ്വതി സമ്മാൻ, മാതൃഭൂമി സാഹിത്യപുരസ്കാരം, ബാലസാഹിത്യത്തിനു നല്കിയ സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം തുടങ്ങി അനേകം പുരസ്കാരങ്ങൾ നല്കി സാഹിത്യസാംസ്കാരിക ലോകം ടീച്ചറെ ആദരിച്ചിട്ടുണ്ട്.

വികാരസാന്ദ്രവും കല്പനാസുന്ദരവുമായ ശൈലിയിൽ മനുഷ്യരുടെ സ്വകാര്യവും സാമൂഹികവുമായ അനുഭവങ്ങൾ ആവിഷ്കരിക്കുന്ന ഒട്ടേറെ കവിതകൾ സുഗതകുമാരി മലയാളത്തിന് സമ്മാനിച്ചിട്ടുണ്ട്. അരനൂറ്റാണ്ടിലധികം നീണ്ട കാവ്യജീവിതത്തിൽ യാതന അനുഭവിക്കുന്നവരിലേക്കും തെരുവിലേക്കും കടന്നുചെന്ന കവിയത്രി മനുഷ്യജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളെ സാഹിത്യലോകത്തിനു മുന്നിൽ തുറന്നിട്ടു.
പ്രിയപ്പെട്ട ടീച്ചർക്ക് പ്രണാമം...

# ഫുട്ബോളിന്റെ സുൽത്താൻ



ഫുട്ബോൾ വെറും ഒരു കളിയല്ല; അത് ഒരു വികാരമാണ്. ആ വികാരത്തിലൂടെ ലോകത്തെ വിസ്മയിപ്പിച്ച ഇതിഹാസ താരം നെയ്മർ ദ സിൽവാ സാന്റോസ് ജൂനിയർ. ബ്രസീലിയൻ തെരുവുകളിൽ നിന്നുയർന്ന ഒരു ബാലൻ ലോക ഫുട്ബോളിന്റെ വേദികളിലേക്ക് നടന്നുകയറിയ കഥ... ഇന്നും യുവതലമുറക്ക് സ്വപ്നങ്ങൾ കാണാൻ പ്രചോദനമാണ്. 1992 ഫെബ്രുവരി 5-ന് ബ്രസീലിലെ മൊജി ദാസ് ക്രൂസസ് എന്ന ചെറിയ പട്ടണത്തിലാണ് നെയ്മർ ജനിച്ചത്. പിതാവ് നെയ്മർ സാന്റോസ് സീനിയർ ഒരു പ്രൊഫഷണൽ ഫുട്ബോൾ താരം കൂടിയായിരുന്നു അദ്ദേഹം അതുകൊണ്ടുതന്നെ, ഫുട്ബോൾ നെയ്മറുടെ ജീവിതത്തിലേക്ക് കടന്നുവന്നത്.

ബാല്യത്തിലേ സാമ്പത്തിക ബുദ്ധിമുട്ടുകളാൽ നിറഞ്ഞ ജീവിതം, എന്നാൽ നെയ്മറുടെ സ്വപ്നം ബ്രസീലിനായി കളിക്കുക, ലോകം കീഴടക്കുക. തെരുവുകളിൽ ഫുട്ബോൾ കളിച്ചാണ് നെയ്മർ തന്റെ അസാധാരണമായ ഡ്രിബ്ലിംഗ് കഴിവുകൾ വളർത്തിയത്. ഇടുങ്ങിയ ഇടങ്ങളിൽ പോലും പന്തിനെനിയന്ത്രിക്കുന്ന അദ്ദേഹത്തിന്റെ മികവ്, പിന്നീട് ലോക ഫുട്ബോളിന് ലഭിച്ച ഒരു അപൂർവ സമ്മാനമായി മാറി. 11-ാം വയസ്സിൽ തന്നെ സാന്റോസ് ക്ലബ്ബിന്റെ അക്കാദമിയിൽ പ്രവേശിച്ച നെയ്മർ, അവിടെ നിന്ന് പെട്ടെന്നുതന്നെ എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി. പെലെ കളിച്ച അതേ സാന്റോസ് ജേഴ്സിയിൽ നെയ്മർ തിളങ്ങിയപ്പോൾ ബ്രസീൽ വീണ്ടും ഞങ്ങൾക്ക് ഒരു ഫുട്ബോൾ




CBF
BRASIL
10



ഇതിഹാസത്തെ കണ്ടെത്തിയെന്നായിരുന്നു ആരാധകരുടെ വിശ്വാസം. 17-ാം വയസ്സിൽ സീനിയർ ടീമിലേക്ക് എത്തിയ നെയ്മർ, ഗോൾസും അസിസ്റ്റുകളും കൊണ്ട് സാന്റോസിനെ വീണ്ടും ആഗോള ശ്രദ്ധയിൽ കൊണ്ടുവന്നു. കോപ ലിബെർടഡോറസ് കിരീടം നേടിയപ്പോൾ, നെയ്മർ ബ്രസീലിന് ഒരു പ്രതീക്ഷയായി മാറിയിരുന്നു. 2013-ൽ നെയ്മർ ബാഴ്സലോണയിലേക്ക് ചേക്കേറിയത് ഫുട്ബോൾ ലോകത്തെ വലിയ വാർത്തയായിരുന്നു. മെസ്സി, സുവാരസ് എന്നിവരോടൊപ്പം രൂപപ്പെട്ട എംഎസ്എൻ ട്രയോ, ഫുട്ബോൾ ചരിത്രത്തിലെ ഏറ്റവും ഭയപ്പെടുത്തുന്ന ആക്രമണ നിരകളിലൊന്നായി. 2014-15 സീസണിൽ ബാഴ്സലോണ നേടിയ ട്രെബിൾ (ലാലിഗ, ചാമ്പ്യൻസ് ലീഗ്, കോപ ഡെൽ റേ) നെയ്മറുടെ കരിയറിലെ തന്നെ ഒരു വലിയ അധ്യായമാണ്. ആ കാലത്ത് നെയ്മർ വെറും ഗോൾ സ്കോററല്ല, ഫുട്ബോൾ സ്റ്റേഡിയം തന്റെ കാലുകൾ കൊണ്ട് തട്ടി കളിച്ച ഒരു സുൽത്താനായി മാറി.

2017-ൽ പാരീസ് സെയിന്റ്-ജെർമെയ്നിലേക്ക് നെയ്മർ മാറിയത് ലോക ഫുട്ബോളിലെ ഏറ്റവും ചെലവേറിയ ട്രാൻസ്ഫറായിരുന്നു. ഈ തീരുമാനത്തിന് പിന്നിൽ, പിഎസ്ജിയിൽ നെയ്മർ ലീഗ് കിരീടങ്ങൾ നേടി, ചാമ്പ്യൻസ് ലീഗ് ഫൈനലിലേക്കും ടീമിനെ എത്തിച്ചു. എന്നാൽ, പരിക്കുകളും വിമർശനങ്ങളും തന്റെ യാത്രയെ ചിലപ്പോൾ മന്ദഗതിയിലാക്കി. എന്നിരുന്നാലും, പന്ത് നെയ്മറുടെ കാലിലെത്തുമ്പോൾ സ്റ്റേഡിയം മുഴുവൻ നിശ്ശബ്ദമാകുന്ന ആ മായാജാലം ഇന്നും നഷ്ടമായിട്ടില്ല. ബ്രസീലിയൻ ദേശീയ ടീമിനായി നെയ്മർ നേടിയ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. പെലെയെ പിന്തള്ളി, ബ്രസീലിന്റെ ടോപ്പ് സ്കോററായി മാറിയ നെയ്മർ, രാജ്യത്തിന്റെ പ്രതീക്ഷ തന്റെ നെഞ്ചിൽ ചുമന്നാണ് കളിച്ചത്. 2016 ഒളിമ്പിക്സിൽ ബ്രസീലിന് ആദ്യ സ്വർണ്ണ മെഡൽ നേടിക്കൊടുത്തത് നെയ്മറായിരുന്നു.

ആ വിജയനിമിഷം അദ്ദേഹത്തിന്റെ കണ്ണുകളിൽ നിറഞ്ഞ കണ്ണീർ, ഒരു രാജ്യം മുഴുവൻ അനുഭവിച്ച വികാരങ്ങളുടെ പ്രതീകമായിരുന്നു. നെയ്മറുടെ കരിയർ മുഴുവൻ പ്രശംസ മാത്രമായിരുന്നില്ല. പരിക്കുകൾ, അഭിനയമെന്ന പേരിൽ വിമർശിക്കപ്പെട്ട വീഴ്ചകൾ, ഓഫ്-ഫീൽഡ് വിവാദങ്ങൾ ഇതെല്ലാം അദ്ദേഹത്തെ ചുറ്റിപ്പറ്റിയിരുന്നു. എന്നാൽ, വിമർശനങ്ങൾക്കിടയിലും താൻ കളത്തിൽ ഇറങ്ങുമ്പോൾ ഫുട്ബോളിനെ ജനങ്ങൾ വീണ്ടും ആഘോഷമാക്കുന്നു എന്നതാണ് സത്യം. നെയ്മർ ഇന്നും ജനങ്ങൾക്കിടയിൽ ഫുട്ബോളിന്റെ സുൽത്താൻ തന്നെയാണ്.

# വീട്ടിൽ വിളയുന്ന സ്വർണം

## ജെയിംസ് കാപ്പാനിയുടെ കുങ്കുമ സ്വപ്നം



**വീട്ടിൽ കുങ്കുമം വിളയുമോ?**
പലർക്കും അതൊരു കൗതുക ചോദ്യമാകുമ്പോൾ, തൃശ്ശൂർ പുത്തൂർ സ്വദേശി ജെയിംസ് കാപ്പാനിക്ക് അത് ഒരു ദൃഢനിശ്ചയമായിരുന്നു. ലോകത്തിലെ ഏറ്റവും വിലയേറിയ സുഗന്ധവിളകളിലൊന്നായ കുങ്കുമം, കാശ്മീരിലെ പാംപോർ താഴ്‌വരയിൽ മാത്രം സാധ്യമാണെന്ന പൊതുധാരണയെ തകർത്ത്, കേരളത്തിന്റെ ചൂടും ഈർപ്പവും നിറഞ്ഞ കാലാവസ്ഥയിൽ കൃത്രിമാന്തരീക്ഷം സൃഷ്ടിച്ച് കുങ്കുമം വിജയകരമായി വിളയിച്ച മനുഷ്യൻ ജെയിംസ് കാപ്പാനി.

ഇന്ന് അദ്ദേഹത്തിന്റെ വീട്ടിലെ ടെറസിൽ, 150 ചതുരശ്ര അടിയിൽ സജ്ജമാക്കിയ ഹൈടെക് കൃഷിയിടത്തിൽ, ലക്ഷങ്ങൾ വിലമതിക്കുന്ന കുങ്കുമം വിളഞ്ഞുനിൽക്കുന്നു. അത് ഒരു കൃഷിയുടെ വിജയകഥ മാത്രമല്ല; സ്വപ്നവും അറിവും ക്ഷമയും കുടുംബപിന്തുണയും ചേർന്നുണ്ടായ നേട്ടത്തിന്റെ കഥ കൂടിയാണ്.

## പൂവിടൽ, പ്രവർത്തനകാലം, സുഷുപ്തികാലം എല്ലാം കൃത്യമായി നിയന്ത്രിച്ചാൽ മാത്രമേ മികച്ച വിളവ് ലഭിക്കൂ.

**കൃഷിയോടൊപ്പം വളർന്ന ബാല്യം**
ചെറുപ്പം മുതലേ കൃഷി കണ്ടുവളർന്ന ആളാണ് ജെയിംസ്. വീട്ടിലെ കൃഷികളിൽ സഹായിക്കുകയും മണ്ണിനോടുള്ള ബന്ധം മനസ്സിലാക്കുകയും ചെയ്ത ബാല്യം, അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി. പഠനത്തിന് മുൻതൂക്കം നൽകിയതോടെ കൃഷിയിൽ നിന്ന് അല്പം അകന്നെങ്കിലും, കൃഷിയോടുള്ള ഇഷ്ടം ഒരിക്കലും മനസ്സിൽ നിന്ന് വിട്ടുപോയില്ല.

പിന്നീട് ജോലി തേടി മുംബൈയിലേക്ക് പോയ ജെയിംസ്, വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്തു. തുടർന്ന് പ്രവാസജീവിതത്തിലേക്ക്, സൗദി അറേബ്യയിലെ ഡിഫൻസ് മേഖലയിൽ





**കൃഷി
ഒരു ദിവസത്തെ
വിജയം അല്ല.
ക്ഷമയും പഠനവും
കൃത്യമായ കണക്കും
കുടുംബത്തിന്റെ
പിന്തുണയും
ചേർന്നാലേ
വിജയം ഉണ്ടാകൂ**

എയർ കണ്ടീഷനിങ് വിഭാഗത്തിൽ സേവന മനുഷ്ഠിച്ചു. വർഷങ്ങളോളം നീണ്ട പ്രവാസജീവിതം അദ്ദേഹത്തിന് സാമ്പത്തിക സുരക്ഷയും സാങ്കേതിക പരിചയവും സമ്മാനിച്ചു.

**നാട്ടിലേക്ക് മടങ്ങണം...
പക്ഷേ വ്യത്യസ്തമായി.**

വിരമിച്ച ശേഷം നാട്ടിലേക്ക് മടങ്ങിയപ്പോൾ, ജെയിംസിന്റെ മനസ്സിൽ ഒരു തീരുമാനം ഉറച്ചിരുന്നു. “കൃഷി ചെയ്യണം പക്ഷേ പതിവ് കൃഷിയല്ല.”കുറഞ്ഞ സ്ഥലത്ത്, ഉയർന്ന മൂല്യമുള്ളതും കയറ്റുമതി സാധ്യതയുള്ളതുമായ ഒരു കൃഷി എന്ന ആശയം അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ആ ചിന്തയിൽ നിന്നാണ് “എന്തുകൊണ്ട് കുങ്കുമം?”എന്ന ചോദ്യം ഉദിച്ചത്.

**പഠനം, യാത്ര, പരീക്ഷണം**

കുങ്കുമകൃഷിയെക്കുറിച്ച് അറിവ് സമ്പാദിക്കാൻ ജെയിംസ് വ്യാപകമായി പഠിച്ചു. കാശ്മീരിലെ പരമ്പരാഗത കുങ്കുമ കൃഷിയിടങ്ങളും പാംപോറിലെ ഗവേഷണ കേന്ദ്രവും സന്ദർശിച്ചു. ഇന്ത്യയിലെ വിവിധ





സംസ്ഥാനങ്ങളിലെ ഹൈടെക് കുങ്കുമ കൃഷികളും നേരിൽ കണ്ടു. കൃഷി എക്സിബിഷനുകളിലും സെമിനാറുകളിലും പങ്കെടുത്തു. ഈ പഠനങ്ങളാണ് കേരളത്തിൽ കൃത്രിമാന്തരീക്ഷം സൃഷ്ടിച്ച് കുങ്കുമം വളർത്താമെന്ന ആത്മവിശ്വാസം നൽകിയത്.

## കുടുംബം–ശക്തമായ പിന്തുണ

ഈ യാത്രയിൽ ജെയിംസിന് ഏറ്റവും വലിയ കരുത്തായത് കുടുംബത്തിന്റെ അചഞ്ചലമായ പിന്തുണയായിരുന്നു. സാമ്പത്തികമായി മാത്രമല്ല, മാനസികമായും പരീക്ഷണഘട്ടങ്ങളിലുമെല്ലാം കുടുംബം അദ്ദേഹത്തോടൊപ്പം നിന്നു. ''ഇത് നടക്കുമോ?''എന്ന സംശയങ്ങൾ പലർക്കുമുണ്ടായിരുന്നപ്പോൾ, വീട്ടിൽ നിന്നുള്ള പ്രോത്സാഹനം ജെയിംസിനെ മുന്നോട്ട് നയിച്ചു.

പുതിയ പരീക്ഷണങ്ങൾ, ചിലവേറിയ സംവിധാനങ്ങൾ, ആദ്യകാലത്തിലെ അനിശ്ചിതത്വങ്ങൾ എല്ലാം കുടുംബം ചേർന്നാണ് ഏറ്റെടുത്തത്. വീട്ടുകാർ ഒപ്പം നിൽക്കാതിരുന്നെങ്കിൽ ഈ കൃഷി ഒരു ആശയമായിത്തന്നെ അവസാനിക്കുമായിരുന്നു എന്നാണ് ജെയിംസ് തുറന്നു പറയുന്നത്.



## ടെറസിലെ കാശ്മീർ

വീടിന്റെ ടെറസിൽ പഫ് പാനലിങ്ങോടെ നിർമിച്ച 150 ചതുരശ്ര അടിയിലുള്ള കൃത്രിമ കൃഷിയിടത്തിൽ, കുങ്കുമത്തിന് ആവശ്യമായ താപനിലയും ഈർപ്പവും കൃത്യമായി നിയന്ത്രിക്കുന്ന ഓട്ടോമേഷൻ സംവിധാനം ജെയിംസ് സജ്ജമാക്കി. എയർ കണ്ടീഷനിങ് മേഖലയിലെ പ്രവർത്തന പരിചയമാണ് സഹായകമായത്. കുങ്കുമം ഓരോ വളർച്ചാഘട്ടത്തിലും വ്യത്യസ്ത താപനില ആവശ്യപ്പെടുന്ന വിളയാണ്. പൂവിടൽ, പ്രവർത്തനകാലം, സുഷുപ്തികാലം എല്ലാം കൃത്യമായി നിയന്ത്രിച്ചാൽ മാത്രമേ മികച്ച വിളവ് ലഭിക്കൂ.

### ചെറിയ ഇടം, വലിയ നേട്ടം

പരമ്പരാഗത കൃഷിയിൽ ഒരു ഏക്കറിൽ നിന്നുള്ള വിളവ്, വെറും 450 –500 ചതുരശ്ര അടിയിൽ ഹൈടെക് രീതിയിൽ ഉൽപ്പാദിപ്പിക്കാമെന്നാണ് ജെയിംസ് തെളിയിച്ചത്.

പരീക്ഷണ കൃഷിയിൽ 10 കിലോ കിഴങ്ങുകളിൽ നിന്ന് 12 ഗ്രാം കുങ്കുമം ലഭിച്ചു. 150 ചതുരശ്ര അടിയിൽ ഒരു ബാച്ചിൽ അര കിലോ വരെ വിളവ് പ്രതീക്ഷിക്കാം. കിഴങ്ങുകൾ വിൽക്കുന്നതിലൂടെയും വിത്തായി ഉപയോഗിക്കുന്നതിലൂടെയും അധിക വരുമാനം ലഭിക്കും. മികച്ച കുങ്കുമ വിത്തിന് കിലോയ്ക്ക് 3500 രൂപ വരെ വിപണിയിൽ വിലയുണ്ട്.

### പൂവിൽ ഒളിഞ്ഞിരിക്കുന്ന സ്വർണം

കുങ്കുമപ്പൂവിന്റെ പെൺഭാഗമായ സ്റ്റിഗ്മയും സ്റ്റൈലും ഉണക്കിയാണ് കുങ്കുമം തയ്യാറാക്കുന്നത്. ഒരു കിലോ കുങ്കുമം ലഭിക്കാൻ ഏകദേശം ഒരു ലക്ഷം പൂക്കൾ ആവശ്യമാണ്. അത്രയേറെ സൂക്ഷ്മതയും ക്ഷമയും ആവശ്യപ്പെടുന്ന ജോലിയാണിത്.

### ഭാവി കൃഷിയിലേക്ക് വഴികാട്ടി

കേരളത്തിൽ ആദ്യമായി കുങ്കുമം



വിജയകരമായി കൃഷി ചെയ്ത് വിപണിയിലെത്തിച്ച വ്യക്തിയെന്ന നേട്ടവും ജെയിംസ് കാപ്പാനിക്കാണ്. ഇന്ന് അദ്ദേഹം കുങ്കുമകൃഷിയെക്കുറിച്ച് ക്ലാസ്സുകളും ട്രെയിനിങ് പ്രോഗ്രാമുകളും നടത്തി വരുന്നു.

കൃഷി ഒരു ദിവസത്തെ വിജയമല്ല. ക്ഷമയും പഠനവും കൃത്യമായ കണക്കും കുടുംബത്തിന്റെ പിന്തുണയും ചേർന്നാലേ വിജയമുണ്ടാകൂ... എന്ന് ജെയിംസ് കാപ്പാനി പറയുന്നു.




www.creativepencil.in
creativepencil
നാളികേരത്തിന്റെ
നാട്ടിൽ നാലാളറിയുന്ന
നിലയിൽ
ബിസിനസ്സ് ചെറുതാണെങ്കിലും
Digital marketing ലൂടെ
ഇനി എല്ലാവരും അറിയും.
CREATIVE Pencil
TO MAKE YOUR BRAND FLY HIGH
4th Floor, Sun Tower, East Fort, Thrissur, Pin : 680 005
Mob: 9995 21 00 21, Off. No: 7034 21 00 21, e-mail: pencil.thrissur@gmail.com
Advertising / Creative Design / Video Production / Package Design
Web Design / Branding / Digital Marketing / Commercial Ad / Logo Design

*RNI Reference No: 1361222*





CREATIVE Pencil
TO MAKE YOUR BRAND FLY HIGH

Corporate Branding | Creative Video Ads | Digital Marketing | Creative Web Designing

Mob: **9995 21 00 21**, Off. No: **7034 21 00 21** pencil.thrissur@gmail.com
4th Floor, Sun Tower, East Fort, Thrissur, Pin : 680 005, www.creativepencil.in


*Printed and Published by Rijo K M, Puthur P O, Thrissur on behalf of Rijo K M and Printed at Vivid Offset Printers, Thrissur-680001*
*Published at 4th Floor, Sun Tower, East Fort, Thrissur - 05, Editor: Rijo K M*